പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2708 — 27-01-2014 - ൽ മറുപടിയ്ക്ക്

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് XVII സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.റ്റി.വി.രാജേഷ് :** | **ശ്രീ. പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ; | (എ) & (ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ താഴെ പറയുന്ന നാല് പദ്ധതികൾക്കാണ് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത്.<br><br>1. കണ്ണപുരം പഞ്ചായത്തിലെ കയറ്റിയിൽ മുക്കോലയി എസ്.ഡബ്ളിയു. ഇ.സി.ബി.യും മണ്ണുകൊണ്ടുള്ള ബണ്ടും നിർമ്മാണം<br>2. ചെറുകുന്ന് പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രിക്കു സമീപം റി.സർവ്വേ നമ്പർ 122-ൽ എസ്.ഡബ്ളിയു.ഇ. ബണ്ട് നിർമ്മാണം.<br>3. കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിന് കുറുകെ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണം.<br>4. ചെറുകുന്ന് പഞ്ചായത്തിൽ മുട്ടിൽ കാപ്പ് റഗുലേറ്ററിന്റെ പുനരുദ്ധാരണം.<br><br>ഇതിൽ 1 മുതൽ 3 വരെയുള്ള പ്രവൃത്തികൾ പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ഏറ്റെടുക്കാൻ ആരും മുന്നോട്ട് വന്നില്ല, ക്രമ നമ്പർ 4-ലെ പ്രവൃത്തി ടെണ്ടർ ചെയ്യുവാനും സാധിച്ചില്ല. ഇതേ സമയം പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് 2012 ഒക്ടോബർ മാസം നിലവിൽ വരുകയും, ആയതിനാൽ 4 പ്രവൃത്തികളും പുതുക്കിയ ഭരണാനുമതിയ്ക്കായി പരിഗണിച്ചെങ്കിലും നബാർഡിൽ നിന്നും പ്രസ്തുത പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ആർ.ഐ.ഡി.എഫ്.-XIX ൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. NABARD XIX -ൽ പരിഗണിക്കേണ്ട പ്രവൃത്തികൾ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ. |
| (ബി) നബാർഡിന്റെ ഫണ്ട് ലഭ്യമല്ലെങ്കിൽ മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.